## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3268 19/06/2018-ൽ മറുപടിക്ക്

## തുറമുഖ മണൽ ഖനന നയം

ചോദ്യം മറുപടി

| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിർമ്മാണാവശ്യത്തിന് മണൽ കിട്ടാൻ കാത്തുനിൽക്കേണ്ടി വരുന്ന സ്ഥിതി ഇപ്പോൾ കേരളത്തിലുണ്ട് എന്നത് തുറമുഖ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും | തുറമുഖവകുപ്പിന്റെ കടവുകളിൽ കാലതാമസമില്ലാതെ മണൽ വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ ഓൺലൈൻ സംവിധാനം 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം പൊതുജനങ്ങൾക്ക് സുതാര്യമായ രീതിയിൽ നേരിട്ട് മണൽ വാങ്ങാവുന്നതാണ്. |
| (ബി) | എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | | |
| (സി) | തുറമുഖ മണൽ ഖനനത്തിന് പുതിയ നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശം നൽകാമോ; | (സി) | തുറമുഖപരിധിയിലെ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനായി 01/04/2017 മുതൽ പുതിയനയം രൂപീകരിച്ചിട്ടുണ്ട്. 01/04/2017 മുതൽ സഹകരണ സംഘങ്ങളെ മാന്വൽ ഡ്രഡ്ജിംഗിൽ നിന്ന് ഒഴിവാക്കുകയും അതിനു പകരം അതത് തുറമുഖ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്ത തദ്ദേശീയരായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾ മുഖാന്തിരം മാന്വൽ ഡ്രഡ്ജിംഗ് നടത്തുകയുമാണ് ചെയ്തു വരുന്നത്. |
| (ഡി) | കേരളത്തിലെ എത്ര തുറമുഖങ്ങളിലെ എത്ര കടവുകളിൽ നിന്ന് മണൽ വാരാനുണ്ടെന്നും എത്ര സംഘങ്ങൾക്കാണ് ഇതിന് അനുമതിയുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | കേരളത്തിലെ 6 തുറമുഖങ്ങളിലായി 23 കടവുകളിൽ മാന്വൽ ഡ്രഡ്ജിംഗ് പ്രവർത്തി നടക്കുന്നുണ്ട്. ഇതിന്റെ ചുമതല അതാത് പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. സംഘങ്ങൾക്ക് ഈ നയപ്രകാരം അനുമതി നൽകിയിട്ടില്ല. |
| (ഇ) | മണൽ ഖനനവും വിതരണവുമായി ബന്ധപ്പെട്ട സമഗ്രമായ നയരൂപവത്കരണവും നിയമനിർമ്മാണവും നടത്തിയിട്ടുണ്ടോ | (ഇ) | മാന്വൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണലിന്റെ വിതരണവുമായി ബന്ധപ്പെട്ട് സർക്കാർ 09/02/2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 2/2017/മത്സ്യ |

| | | | |
|---|---|---|---|
| | എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ? | | പ്രകാരം പുതിയ നയം രൂപീകരിച്ചിട്ടുണ്ട്. പുതിയ നയം അനുസരിച്ച് 01/04/2017 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾ മുഖേനയാണ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഇപ്രകാരം ലഭിക്കുന്ന അസംസ്കൃത മണൽ തുറമുഖവകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെയാണ് വില്പന നടത്തുന്നത് അതുകൊണ്ട് സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**